കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment

ലൈഫ് മിഷൻ കാര്യാലയം, റൂം നമ്പർ 501 സി, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
ഫോൺ : 0471 –2518274, Website : www.lifemission.lsgkerala.gov.in, E-mail : lifemissionkerala@gmail.com

---

നം. എൽ.എഫ് 1/511/2017 തീയതി : 28.06.2018

പ്രേഷക

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
ലൈഫ് മിഷൻ

സ്വീകർത്താവ്

എല്ലാ ജില്ലാ കോ–ഓർഡിനേറ്റർമാർക്കും

സർ,

വിഷയം : പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം – വാർഡ് വിവരങ്ങൾ എം.ഐ.എസിൽ രേഖപ്പെടുത്തുന്നത് – സംബന്ധിച്ച്.

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധി 31.07.2018 ആണ്. പ്രസ്തുത സമയപരിധിക്കുള്ളിൽ മുഴുവൻ ഭവനങ്ങളും പൂർത്തീകരണക്കണമെങ്കിൽ നിർവ്വഹണഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഗുണഭോക്താക്കളും ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ സന്ദേശം കൃത്യമായും താഴെത്തട്ടിൽ എത്തിക്കുന്നതിനായി ഓരോ ഗുണഭോക്താവിന്റെയും ഭവന സന്ദർശനം നടത്തി പ്രശ്നം മനസ്സിലാക്കി പൂർത്തീകരണം സാദ്ധ്യമാക്കേണ്ടത് നാം ഓരോരുത്തരുടേയും ചുമതലയാണ്.

വാർഡ് മെമ്പർ ഓരോ പ്രദേശത്തിലേയും എല്ലാ വിഷയങ്ങളിലും ഇടപെടുന്ന വ്യക്തി എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ പൂർണ്ണ സേവനം ഇതിലേക്കായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇനിയും പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കളുടെ മാത്രം വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ **(വാർഡ് നമ്പർ, വാർഡിൻറെ പേര്, വാർഡ് മെമ്പറുടെ പേര്, വാർഡ് മെമ്പറുടെ ഫോൺ നമ്പർ, നിർവ്വഹണ ഉദ്യോഗസ്ഥൻറെ സ്ഥാനപ്പേര്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്)** എം.ഐ.എസിൽ രേഖപ്പെടുത്തിയാൽ മാത്രമെ ലൈഫ് മിഷന് വാർഡ് മെമ്പർമാർ / നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരെ നേരിട്ട് ബന്ധപ്പെട്ട് അവരുടെ സേവനം കുറച്ചുകൂടി ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നതിനായി MIS–ൽ (www.lifephase1.org) നിലവിലുള്ള ഫീൽഡിൽ ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. MIS–ൽ 'പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ വിവരങ്ങൾ' എന്ന ലിങ്കിൽ ഗുണഭോക്താവിനെ തിരഞ്ഞെടുത്ത് എഡിറ്റ് ഓപ്ഷൻ ഉപയോഗിച്ച് ടി വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്.

ആകയാൽ വിവിധ വകുപ്പുകളിലായി ഇനിയും പൂർത്തീകരിക്കാനുള്ള **മുഴുവൻ ഗുണഭോക്താക്കളുടെയും വാർഡ് വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രണ്ട് ദിവസത്തിനകം (30.06.2018) രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

വിശ്വസ്തതയോടെ,

ഒപ്പ്/–
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്

എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും